07/01/2020

DESPATCHED
On 24/1/2020

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

## ഹർജി നമ്പർ AP No.1559(4)/2015/എസ്.ഐ.സി.

**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നം.10014/എസ്.ഐ.സി-ജി 2/2015**

ശ്രീ. കെ.വി. സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. സുജിത്ത് കുമാർ.കെ.വി,
ഏഴാംതോട്,
ഉപ്പിലകൈ പി.ഒ, നീലേശ്വരം (വഴി),
കാസർഗോഡ്- 671 314.
} അപ്പീൽ ഹർജിക്കാരൻ

**Vs**

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
ലാന്റ് റവന്യൂ കമ്മീഷണറുടെ കാര്യാലയം,
പബ്ലിക് ഓഫീസ് കോമ്പൗണ്ട്,
മ്യൂസിയം ജംഗ്ഷൻ,
തിരുവനന്തപുരം-33.

2. അപ്പീൽ അധികാരി &
ജോയിന്റ് കമ്മീഷണർ,
ലാന്റ് റവന്യൂ കമ്മീഷണറുടെ കാര്യാലയം,
പബ്ലിക് ഓഫീസ് കോമ്പൗണ്ട്,
മ്യൂസിയം ജംഗ്ഷൻ,
തിരുവനന്തപുരം-33.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 28.01.2015 |
| മറുപടി ലഭ്യമാക്കിയ തീയതി | 04.02.2015 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 25.02.2015 |
| മറുപടി ലഭ്യമാക്കിയ തീയതി | 24.03.2015 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 09.06.2015 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 12.06.2015 |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ 28.01.2015 ൽ ഒന്നാം എതിർകക്ഷിക്ക് നൽകിയ വിവരാവകാശ അപേക്ഷയിൽ എൽ.ആർ.ഡി 3–27183/09 നമ്പർ ഉത്തരവിൽ പറയുന്ന ഔദ്യോഗിക ആവശ്യങ്ങൾക്കുള്ള സർവ്വെ ഏതെല്ലാമാണെന്നും, ബാങ്ക് വായ്പയ്ക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കും ഹാജരാക്കുന്നതിനുവേണ്ടി റവന്യൂ അധികാരികൾ സ്വകാര്യഭൂമി അളന്നു തിട്ടപ്പെടുത്തി പ്ലാൻ ലഭിക്കുന്നതിനുമുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണെന്നാണ് ചോദിച്ചിരുന്നത്. ഇതിന് മറുപടി ലഭിച്ചില്ല എന്നാരോപിച്ചാണ് ടിയാൻ 09.06.2015 ൽ കമ്മീഷന് അപ്പീൽ നൽകിയത്.

2. ഇതുമായി ബന്ധപ്പെട്ട് 03.07.2015 ൽ കമ്മീഷൻ എതിർകക്ഷികളോട് റിപ്പോർട്ട് ആവശ്യപ്പെട്ടു. അപ്പീൽ ഹർജിക്കാരൻ അപേക്ഷയിൽ പരാമർശിച്ച എൽ.ആർ.ഡി 3–27183/2009 ഫയൽ പരിശോധിച്ചതിൽ, ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ഉണ്ടായിരുന്നില്ലെന്നും അതുകൊണ്ടാണ് "താങ്കൾ ആവശ്യപ്പെട്ട വിവരങ്ങൾ ക്രോഡീകരിച്ച് ഈ കാര്യാലയത്തിൽ സൂക്ഷിച്ചിട്ടില്ലാ എന്നും, വിശദീകരണങ്ങളും, വ്യാഖ്യാനങ്ങളും ആവശ്യപ്പെടുക, അഭിപ്രായങ്ങൾ തേടുക, പരാതികൾക്ക് പരിഹാരം ആവശ്യപ്പെടുക എന്നിവ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നതല്ല എന്നു കാണിച്ച് മറുപടി നൽകിയതെന്ന് റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടി."

3. ഇതിന് ശേഷം കമ്മീഷൻ 06.01.2020 ൽ തിരുവനന്തപുരത്തെ ആസ്ഥാനത്ത് ഹിയറിങ്ങ് നടത്തി. അപ്പീൽ ഹർജിക്കാരൻ ഹാജരായില്ല. ഒന്നാം എതിർകക്ഷി ഹാജരായി.

4. നേരത്തെ റിപ്പോർട്ടിൽ പറഞ്ഞ കാര്യങ്ങൾ ഒന്നാം എതിർകക്ഷി ഹിയറിങ്ങിൽ വിശദീകരിച്ചു. ഒന്നാം എതിർകക്ഷിയുടെ മൊഴിയും അനുബന്ധ രേഖകളും പരിശോധിച്ചതിൽ, ഒന്നാം എതിർകക്ഷി പറയുന്ന കാര്യങ്ങൾ വസ്തുതാപരമാണെന്ന് കമ്മീഷൻ കരുതുന്നു. ഒന്നാം എതിർകക്ഷിയുടെ പക്കൽ ഏതെങ്കിലും തരത്തിൽ സൂക്ഷിച്ചുവച്ചിട്ടുള്ള വിവരങ്ങൾ അല്ല ടിയാൻ തേടിയത്. സംശയങ്ങളും, വിശദീകരണങ്ങളും തേടാൻ വിവരാവകാശ നിയമം അനുശാസിക്കുന്നുമില്ല.

5. ഇതിന്റെയെല്ലാം അടിസ്ഥാനത്തിൽ അപ്പീൽ ഹർജിയിന്മേൽ തുടർ നടപടികൾ അവസാനിപ്പിച്ചുകൊണ്ട് ഇന്നേദിവസം 07.01.2020 ന് ഉത്തരവാകുന്നു.

(ഒപ്പ്)

**കെ.വി. സുധാകരൻ,**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**അഡീഷണൽ സെക്രട്ടറി (നിയമം)**

re

RIGHT TO INFORMATION